തയ്യാറാക്കി അനന്തര നടപടികൾ നടന്നു വരുന്നു. കടക്കരപ്പള്ളി പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലകളിൽ ജലവിതരണം മെച്ചപ്പെടുത്താൻ ഒറ്റമശേരി പ്രദേശത്ത് 93,000 ലിറ്റർ സംഭരണശേഷിയുള്ള ടാങ്കിന്റെ നിർമ്മാണം പുരോഗമിച്ച് വരുന്നു. തുറവൂർ, വെട്ടിയകാട് ഹരിജൻ കോളനിയിൽ 20,000 ലിറ്റർ സംഭരണശേഷിയുള്ള ടാങ്ക് നിർമ്മാണ പണികൾ നടന്നു വരുന്നു. ജനകീയാസൂത്രണത്തിൽപ്പെടുത്തി വളമംഗലം എൽ.പി. സ്കൂളിന് സമീപം മിനി വാട്ടർ സപ്ലൈ സ്കീം നടപ്പാക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. മറ്റ് രണ്ട് പൈപ്പുകളുടെ നീട്ടലുകളും അനുവദിച്ചിട്ടുണ്ട്. ചേർത്തല സ്കീമിന്റെ (ജപ്പാൻ സഹായത്തോടെ) പൂർത്തികരണത്തോടുകൂടി മാത്രമേ അരൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ള ക്ഷാമത്തിന് ശാശ്വതമായ പരിഹാരം കാണുവാൻ കഴിയൂ. ഇതിന്റെ നടപടിയും തുടരുന്നു.

പാണ്ടിക്കാട് ശുദ്ധജലവിതരണ പദ്ധതി പൂർത്തിയാക്കുന്നതിലെ കാലതാമസം

25(928) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് പഞ്ചായത്തിലെ ശുദ്ധജല വിതരണപദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇനി എന്തൊക്കെ പണികളാണ് അവശേഷിക്കുന്നതെന്ന് അറിയിക്കാമോ ; ഈ പദ്ധതി കമ്മീഷൻ ചെയ്യാനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതിക്കുവേണ്ടി എത്ര ലിറ്റർ ശേഷിയുള്ള ടാങ്കാണ് നിർമ്മിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ പദ്ധതി പൂർത്തിയാക്കാത്തത്തിന്റെ ഫലമായി ജനങ്ങൾ അനുഭവിക്കുന്ന ശുദ്ധജലക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) അടിയന്തിരമായി ഈ പദ്ധതി പ്രവർത്തനമാരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ,ബി&സി) 1981-ൽ കമ്മീഷൻ ചെയ്തതും എണ്ണായിരത്തോളം പേർക്ക് ഉപകരിക്കുന്നതിന് വേണ്ടി നടപ്പാക്കിയതുമാണ് നിലവിലുള്ള ഈ പദ്ധതി. ഇതിനുപുറമെ ഹരിജൻ കോളനികളിലേക്കും മറ്റും വിതരണ ശൃംഖലകൾ വ്യാപിപ്പിച്ചിട്ടുണ്ട്. ഒരു ലക്ഷം ലിറ്റർ ശേഷിയുള്ള ടാങ്ക് നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. ടാങ്കിന്റെ കണക്ഷൻ ജോലിയും കൂടുതൽ ശേഷിയുള്ള മോട്ടോർ സ്ഥാപിക്കുന്ന ജോലിയും പൂർത്തിയാക്കാനുണ്ട്.

(ഡി&ഇ) ഉണ്ട്. പദ്ധതി പ്രവർത്തനം പൂർത്തിയാക്കാൻ നടപടി സ്വീകരിച്ച് വരുന്നു. ഇന്റർകണക്ഷനും മോട്ടോർ സ്ഥാപിക്കുന്നതിനുമുള്ള പ്രൊപ്പോസൽ അനുമതിക്കായി ജില്ലാ കളക്ടർക്ക് അയച്ച് കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly